# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5500 | 02.11.2016 - ൽ മറുപടിയ്ക്ക് |
|---|---|

## സ്വർണ്ണപ്പണിക്കൂലി നിരക്കുകൾ ഏകീകരിക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ സ്വർണ്ണക്കടകളിൽ ആഭരണങ്ങൾക്ക് ഓരോന്നിനും സ്വർണ്ണത്തിന്റെ വില കൂടാതെ മറ്റെന്തെല്ലാം ചാർജ്ജുകളാണ് ഈടാക്കാൻ വ്യവസ്ഥയുള്ളത്; | (എ) | കേരള മൂല്യ വർദ്ധിത നികുതി നിയമപ്രകാരം സ്വർണ്ണാഭരണങ്ങൾക്ക് വില്പന വിലയിന്മേൽ 5 % ആണ് നികുതി ഈടാക്കുന്നത്. ഇവർക്ക് കോമ്പൗണ്ടിംഗ് വ്യവസ്ഥയും നിലവിലുണ്ട്. ഉപഭോക്താവിന് കൈമാറ്റം ചെയ്യപ്പെടും മുമ്പ് (ഡെലിവറി) കച്ചവടക്കാരൻ വില്പന സാധനത്തിന്മേൽ വരുത്തിയിട്ടുള്ള മാറ്റങ്ങളുടെ തുകകൾ എന്തെങ്കിലും പ്രത്യേകം ഈടാക്കുകയാണെന്നുണ്ടെങ്കിൽ അതും ഉൾപ്പെടുന്നതാണ് 'വില്പന വില' എന്ന് നിർവ്വചിച്ചിട്ടുണ്ട്. സ്വർണ്ണക്കടക്കാർ സാധാരണയായി ചാർജ്ജുചെയ്യാറുള്ള പണിക്കൂലി മുതലായവ വില്പന വിലയിൽ ഉൾപ്പെടുന്നതാണ്. ഇപ്രകാരം ഏതെല്ലാം ചാർജ്ജുകൾ ഈടാക്കേണ്ടതുണ്ടെന്ന് മൂല്യ വർദ്ധിത നികുതി നിയമത്തിൽ പ്രത്യേകമായി നിഷ്കർഷിച്ചിട്ടില്ല. |
| (ബി) | ഇത്തരത്തിൽ ഈടാക്കുന്ന ചാർജ്ജുകൾക്ക് ഏകീകൃത സ്വഭാവമില്ലാത്തത് കാരണം പലപ്പോഴും ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നിരക്കുകൾ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) & (സി) | ഇത്തരം ചാർജ്ജുകൾ ഏതൊക്കെയാണെന്ന് സ്പഷ്ടീകരിക്കുന്നതിനും അതിന് നിരക്കുകൾ നിഷ്കർഷിക്കുന്നതിനും ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനും പരമാവധി തുക നിശ്ചയിക്കുന്നതിനും, മറ്റും കേരള മൂല്യ വർദ്ധിത നികുതി നിയമപ്രകാരം നിർവ്വാഹമില്ല. ഇതിനെ സംബന്ധിച്ച് ഉപഭോക്തൃ നിയമങ്ങളാണ് ബാധകമാകുക . |

| | | | |
|---|---|---|---|
| (സി) | സ്വർണ്ണക്കടകളിൽ പണിക്കൂലി ഇനത്തിൽ പരാമാവധി ഈടാക്കാവുന്ന തുക നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; ഇത്തരത്തിൽ ഒരു മാനദണ്ഡം ഇല്ലാത്തതു കാരണം പല സ്വർണ്ണക്കടകളും അമിത തുക ഈടാക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ